പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3374 — 19.06.19 ൽ മറുപടിയ്ക്ക്

## രൂപം മാറ്റം വരുത്തിയ വാഹനങ്ങൾ

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രൂപമാറ്റം വരുത്തിയ വാഹനങ്ങൾ മൂലം ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മറ്റ് വാഹനങ്ങളെപ്പോലെ രൂപമാറ്റം വരുത്തിയ വാഹനങ്ങളും റോഡപകടങ്ങൾക്ക് കാരണമാകുന്നതായും അപകടങ്ങളിൽ ഉൾപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം വാഹനങ്ങളുടെ ഉപയോഗം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ഇത്തരത്തിലുള്ള വാഹനങ്ങളുടെ ഉപയോഗം ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ തടയുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനുമായി "സേഫ് കേരള" എന്ന പേരിൽ കേരള ഗവൺമെന്റ് പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള 11 ഇന്റർസെപ്റ്ററുകൾ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ഉപയോഗിച്ചുവരുന്നു. |
| (സി) | പ്രസ്തുത വാഹനങ്ങൾക്ക് ചുമത്തിയ പിഴ ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇത്തരം വാഹനങ്ങളിൽനിന്നും 79,41,760/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ